ശ്രീ. സി. എ. മാത്യു: തെങ്ങുകൃഷിക്കു് വളം നൽകുന്നതിനുവേണ്ടി കഴിഞ്ഞവർഷം നീക്കിവച്ച സംഖ്യ മുഴുവനും വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്നു് അറിയുന്നു. ഈ കൊല്ലം അതിലേയ്ക്കു് വേണ്ടി നീക്കിവച്ച സംഖ്യ മുഴുവനും ചെലവാക്കാൻ കഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : ഈ വർഷം നീക്കിവച്ച സംഖ്യ ഈ മാസത്തോടുകൂടി തന്നെ മുഴുവനും ചെലവാക്കാൻ കഴിയുമെന്നാണു് ഇപ്പോഴത്തെ ഗവണ്മെൻറിലേക്കു് ഇതിനെപ്പറ്റി ലഭിച്ചിട്ടുള്ള റിപ്പോർട്ടിൽ കാണുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : വളം വിതരണം പല ഭിക്കുകളിലും നടത്തുന്നതു് സഹകരണസംഘങ്ങളാണു്. അവക്കു് അതിലേയ്ക്കാവശ്യമുള്ള സംഖ്യ സെൻട്രൽ ബാങ്കിൽ നിന്നുമാണു് കിട്ടുന്നതു്. ബാങ്കിൽ നിന്നും പണം എടുത്ത തീയതി മുതലുള്ള പലിശ കൊടുക്കണമെന്നുള്ളതുകൊണ്ടു് സൊസൈറ്റികൾക്കു് വളരെ നഷ്ടം നേരിടുന്നുണ്ടു്. ഇക്കാര്യത്തിൽ എന്തെങ്കിലും പരിഹാരമാർഗ്ഗം ഗവണ്മെൻറിൽ നിന്നും സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസു് : ഇങ്ങനെയുള്ള പല ബുദ്ധിമുട്ടുകളും സൊസൈറ്റികൾക്കുണ്ടാകുന്നുണ്ടു്. അതുകൊണ്ടാണു് സൊസൈറ്റികൾക്കു് രണ്ടര ശതമാനം പലിശവച്ചു കിട്ടുന്ന തുക ആറരയും, ഏഴും ശതമാനം വച്ചു് പലിശ അതു് വാങ്ങുന്ന ആളുകൾ കൊടുക്കേണ്ടി വരുന്നതു്. അല്ലാതെ പ്രത്യേകമായി എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാവുന്നതാണു്.

പമ്പാ ഇറിഗേഷൻ സ്കീം.

* 407. [14] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാ ഇറിഗേഷൻ സ്കീമിൻെറ അനുവാദം ലഭിച്ചു കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ പണി എന്നാരംഭിക്കും ;

(സി) ഈ സ്കീമിനു മൊത്തം എത്ര ചെലവാകും ;

(ഡി) എത്ര ഏക്കർ സ്ഥലത്തിനു് ഇതിൻെറ പ്രയോജനം ലഭിക്കും ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) പ്ലാനിംഗ് കമ്മിഷൻെറ അനുവാദത്തോടുകൂടിയാണു് പ്രസ്തുത പദ്ധതി മൂന്നാം പഞ്ചവൽസരപദ്ധതിയിൽ ഉൾപ്പെടുത്തിയതു്. അതിൻെറ പ്രോജക്ടു് റിപ്പോർട്ടിനു് ക്ലിയറൻസു് ലഭിച്ചിട്ടില്ല.

(ബി) പണി ആരംഭിച്ചുകഴിഞ്ഞു.

(സി) ഉദ്ദേശം 384 ലക്ഷം രൂപ.

(ഡി) ഉദ്ദേശം 33,000 ഏക്കറിനു്.

റൂറൽ വാട്ടർ സപ്ലൈ സ്കീം.

* 408. [15] ശ്രീ. കെ. നാരായണക്കുറുപ്പു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ വാട്ടർ സപ്ലൈ സ്കീം അനുസരിച്ചു് കോട്ടയം ഡിസ്ട്രിക്ടിൽ 1963–64–ൽ ഏതെല്ലാം സ്ഥലത്തു് ജലവിതരണം നടത്തുവാൻ സാധിച്ചിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly